(iv) 1981-ലെ ഊടുപ്പള്ളി ഭൂമി വിമുക്തമാക്കൽ ബിൽ

റവന്യൂവും മൽസ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി എസ്. ശ്രീനിവാസൻ): സർ, 1981-ലെ ഊടുപ്പള്ളി ഭൂമി വിമുക്തമാക്കൽ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

Mr Speaker: The Bill stands introduced.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, 1981-ലെ ഊടുപ്പള്ളി ഭൂമി വിമുക്തമാക്കൽ ബിൽ റവന്യൂവും മൽസ്യബന്ധനവും വികസനവും സംബന്ധിച്ച രണ്ടാം സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. പി. സി. ചാക്കോ): ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഈ ബിൽ മുൻകൊച്ചി സംസ്ഥാനത്തിലെ പെരുമ്പടപ്പ് സ്വരൂപത്തിന്റെ വകയായി മുൻ തിരുവിതാംകൂർ സംസ്ഥാനത്തിന്റെ മലബാർ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന അധികമുണ്ടായിരുന്ന പ്രാദേശിക ഭൂമി, ഊടുപ്പള്ളി ഭൂമി യെന്ന് പറയപ്പെടുന്ന ഒരു തരം ജന്മി സമ്പ്രദായം, (കുടിയായ്മ സമ്പ്രദായം), അവസാനിപ്പിക്കാനുള്ളതാണ്.

സർ, കുന്നത്തുനാട്, ആലുവ, മൂവാറ്റുപുഴ, കണയന്നൂർ, വൈക്കം എന്നീ താലൂക്കുകളിലെ 15 വില്ലേജുകളിലും മുകുന്ദപുരം, പുത്തൻചിറ വില്ലേജിലുംപെടുന്ന 791 ഏക്കർ 13 സെന്റ് ഭൂമിയും പാലക്കാട് ജില്ല യിലെ ആലത്തൂരും. പാലക്കാടും പെടുന്ന 2071 ഏക്കർ 71 സെന്റ് ഭൂമിയും ആണ് ഈ നിയമത്തിന്റെ പരിധിയിൽപ്പെടുന്നത്. ഇത് ദീർഘകാലമായി കുടിയാൻമാരുടെ കൈവശം ഇരിക്കുന്നതാണ്. ചിലത് ഇൻറർമീഡിയറീസ് വന്നിട്ട് അവർതന്നെ കൊടുക്കുന്നതായിട്ടുള്ളതുണ്ട്. ഇതിന്റെ ഉടമസ്ഥത വാസ്തവത്തിൽ ഗവൺമെൻറിനുള്ളതാണ്, എന്നാൽ ഇതിൽ ഇൻറർമീഡിയറീസ് കൂടി വരുകയും കുടിയായ്മ പല രൂപത്തിൽ നിലനിൽക്കുകയും ചെയ്യുന്നതുകൊണ്ട് സാധാരണ രീതിയി ലുള്ള ലാന്റ്ഡ് റിഫോംസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി ഈ കുടിയായ്മ സമ്പ്രദായം അവസാനിപ്പിക്കാൻ കഴിയാതിരിക്കുക യാണ്. അതുകൊണ്ടാണ് ഇതിനുവേണ്ടി ഒരു നിയമനിർമ്മാണം ആവശ്യ മായിട്ട് വന്നിട്ടുള്ളത്. ഞാൻ മുമ്പ് പറഞ്ഞതുപോലെ ഈ ഗവൺമെൻറ് വരുന്നതിനുമുമ്പുള്ള തെരഞ്ഞെടുപ്പ് പരിപാടിയിൽ അത്തരം ഒരു നിയമം കൊണ്ടുവരുമെന്ന് പറഞ്ഞിരുന്നതാണ്. ആ വാഗ്ദാനം പാലിക്കുന്നതിന് വേണ്ടിയിട്ടാണ് ഈ നിയമം ഇപ്പോൾ കൊണ്ടുവന്നിട്ടുള്ളത്. ഈ നിയമ ത്തിലുള്ള വ്യവസ്ഥകളെ സംബന്ധിച്ച് ഞാൻ വിശദമായി പറയണമെന്ന് ഉദ്ദേശിക്കുന്നില്ല. ഇതിലെ നാലാമത്തെ വകുപ്പ് കുടിയാൻമാർക്ക് ഉടമസ്ഥാവകാശം നൽകാനുള്ളതാണ്. ഒരു അപ്പോയിൻഡഡ് ഡേറ്റു മുതൽ അവർക്ക് എല്ലാവർക്കും ഈ ഭൂമിയിൽ ഉടമസ്ഥാവകാശം നിക്ഷിപ്തമാ യിരിക്കും. അഞ്ചാമത്തേത് മര്യാദ പാട്ടം നിശ്ചയിക്കുക എന്നുള്ള താണ്. മര്യാദപാട്ടം ജനങ്ങളെ സംബന്ധിച്ചാണെങ്കിൽ കോൺട്രാക്ടർ റെന്റിന്റെ 50 ശതമാനവും പിരിക്കുന്നതിനെ സംബന്ധിച്ചാണെങ്കിൽ കോൺട്രാക്ടർ റെന്റിന്റെ 75 ശതമാനവും എന്നാണ്. മര്യാദപാട്ടമായിട്ട് ഇതിനകത്ത് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതുപോലെതന്നെ ആറാമത്തെ

LIBRARY ARCHIVES Kerala Legislative Assembly

ക്ലാസ് പ്രതിഫലം എന്തിനാണെന്നുള്ളതാണ്, ഈ മര്യാദ പാട്ടത്തിന്റെ 16 ഇരട്ടി കുടിയാൻമാർ കൊടുത്തുകഴിഞ്ഞാൽ അത് ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥവച്ചുതന്നെ അവർക്ക് ഈ രീതിയിലുള്ള ഉടമാവകാശം കിട്ടുന്നു. 16 ആനുവൽ ഗഡുക്കളായി കൊടുത്താൽ മതിയാകും. നേരെമറിച്ച് ഒന്നിച്ച് അടയ്ക്കുകയാണെങ്കിൽ ഇതിന്റെ 75 ശതമാനം കൊടുത്താൻ മതി. 12 ഇരട്ടി കൊടുത്താൽ മതി എന്നർത്ഥം. അങ്ങനെ വരുകയാണെങ്കിൽ അവർക്ക് അതിന്റെ ഉടമാവകാശം അവർക്ക് പൂർണ്ണമായി നിക്ഷിപ്തമായിത്തീരുന്നു. ഇങ്ങനെ കൊടുക്കുന്ന ഈ പ്രതിഫല സംഖ്യ അപ്പോർഷൻ ചെയ്യാനുള്ള വ്യവസ്ഥയാണ് ഏഴാമത്തെ വകുപ്പിലുള്ളത്. ഗവൺമെൻറിനെല്ലാംതന്നെ ഇത്തരം ഇൻറർമീഡിയറീസ് ആയിട്ടുതന്നെ വിഭജിക്കുന്നതിനുള്ള വ്യവസ്ഥയാണ് ഇതിനകത്തുള്ളത്. അതുപോലെതന്നെ റെൻറ് അരിയേഴ്സ് ഉണ്ടെങ്കിൽ ഈ അപ്പോയിൻഡ് ഡേറിനുമുമ്പുള്ള ആറ് വർഷങ്ങളിൽ റെൻറ് അരിയേഴ്സ് കൊടുക്കാൻ ഇതിനകത്ത് വ്യവസ്ഥയുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് ഒന്നും കടക്കുന്നില്ല. കുറച്ച് നെല്ല് അത് വളരെകുറച്ച് എമൗണ്ട് കൊടുക്കാനും മറ്റുമുള്ളതായിരുന്നു അതിന്റെവ്യവസ്ഥ. അതിന് ഇപ്പോഴത്തെ വാല്യൂ കിട്ടുകയാണെങ്കിൽ വളരെ ചെറുതായിട്ടേ വരുകയുള്ളൂ. അങ്ങനെ വരുന്ന ഈ അരിയേഴ്സ് റെൻറ് കൊടുക്കാനുള്ള വ്യവസ്ഥ ഇതിനകത്തുണ്ട്. മൂന്നു മാസത്തിനുള്ളിൽ അടയ്ക്കുകയാണെങ്കിൽ 50 ശതമാനം കൊടുത്താൽ മതി. ആറ് മാസത്തിനുള്ളിലാണ് കൊടുക്കുന്നതെങ്കിൽ 75 ശതമാനം കൊടുത്താൽ മതിയെന്നാണ്. 19-ാമത്തെ ക്ലാസിലുള്ളത് സെറിൽമെൻറ് ആഫീസറെ നിയമിക്കുന്നതാണ്. തഹസിൽദാരിൽ കുറയാത്ത പദവിയുള്ള ഒരു ആഫീസറെ സെറിൽമെൻറ് ആഫീസറായി നിയമിക്കുമെന്നാണ് ഇതിനകത്ത് പറഞ്ഞിട്ടുള്ളത്. മറ്റ് ഇതിനകത്ത് പറഞ്ഞിട്ടുള്ള ഡിറെറയിൽസ് എങ്ങനെ പ്രായോഗികമാക്കാം എന്നുള്ളതിനെപ്പറ്റിയാണ്. അതിനെക്കുറിച്ചൊന്നും ഞാൻ വിശദമാക്കാൻ ഉദ്ദേശിക്കുന്നില്ല. ഇത് സബ്ജക്റ്റ് കമ്മിറ്റി പരിശോധിച്ചിട്ട് ഭേദഗതി ആവശ്യമാണെങ്കിൽ സബ്ജക്ട് കമ്മിറ്റിക്ക് അത് ചെയ്യാവുന്നതാണെന്നാണ് ഈ അവസരത്തിൽ പറയാനുള്ളത്.

മിസ്റ്റർ സ്പീക്കർ: ഭേദഗതി നോട്ടീസ് തന്നിരുന്ന ബഹുമാനപ്പെട്ട അംഗങ്ങളൊന്നും മൂവ് ചെയ്യുന്നില്ലെന്നു തോന്നുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഈ നിയമത്തിൽ ഒരു പോരായ്മയുണ്ട്, അത് ഞാൻ ചൂണ്ടിക്കാണിക്കാം. ദയവായി മന്ത്രി അത് പരിഗണിക്കണം. സാധാരണ ജനങ്ങൾമാർ പ്രതിഫലം വാങ്ങുന്നതുപോലെ ഗവൺമെൻറ് പ്രതിഫലം വാങ്ങാൻ പാടില്ല. ഈ നിയമത്തിൽ 16 ശതമാനം പ്രതിഫലം ആറാം വകുപ്പ് അനുസരിച്ച് കൊടുക്കണം. അതിന് പേ റെൻറും കോൺട്രാക്ട് റെൻറും പ്രത്യേകം എഴുതിയിട്ടുണ്ട്. ഇതെല്ലാം സാധാരണ ക്വിവറർ ജനങ്ങൾക്കുള്ള വ്യവസ്ഥകളാണ്. യഥാർത്ഥത്തിൽ നമ്മുടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെൻറിന് ഭൂഷണമല്ല ഇവരിൽനിന്ന് പ്രതിഫലം വാങ്ങുന്നത്.

കൊച്ചി രാജാവ് വളരെ വർഷങ്ങൾക്കുമുമ്പ് കൃഷി ചെയ്യാൻ കൊടുത്ത ഭൂമിയാണ്. ആ ഭൂമിയിൽ അവർ ദേഹണ്ഡിച്ച് ഉണ്ടാക്കി കഴിഞ്ഞ 793 ഏക്കർ ഭൂമിയിൽ എന്തിനാണ് ഈ ഗവൺമെൻറ് പ്രതിഫലം വാങ്ങുന്നത്. നാം ഈ രാജ്യത്തെ ജനങ്ങളിൽ നിന്ന് ഭൂമി എടുത്തു. അതിന് നമുക്ക് കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷനുള്ളതുകൊണ്ട് പ്രതിഫല

LIBRARY, ARCHIVES Kerala Legislative Assembly

ത്തിന് ചില വ്യവസ്ഥകളുണ്ടാക്കി. നോമിനൽ പ്രതിഫലം വേണ്ടെന്നാണ് ഇപ്പോഴത്തെ നിയമം. അതാണ് ഇപ്പോഴത്തെ ട്രെൻറ്. കൊച്ചി രാജാവിൻെറ കാലത്ത് പത്ത് എഴുന്നൂറ് ഏക്കർ കൃഷി ചെയ്തത് അവരുടെ അദ്ധ്വാനത്തിൻേറതെല്ലാം കൊച്ചി രാജാവിന് കൊടുത്തു കഴിഞ്ഞവരാണ് അവർ. അവർക്ക് ഇപ്പോഴും പട്ടയം കൊടുക്കുന്നതിൻെറ പേരിൽ പ്രൊപ്പൈപറി റേറ്റ് ഈടാക്കുന്നത് പേ റെൻറിൻെറ 16 ഇരട്ടി 16 ഗഡുക്കളായി കൊടുക്കണമെന്നുള്ള വ്യവസ്ഥ അനാവശ്യമാണ്, അത് മാറ്റണമെന്നാണ് എൻെറ അഭിപ്രായം. കഴിയുമെങ്കിൽ, നിർബന്ധമാണെങ്കിൽ അത് നാമമാത്രമാക്കണം. പക്ഷെ യാതൊരു കാരണവശാലും ഈ രാജ്യത്തെ പഴയ ജന്മിമാരെപ്പോലെ കേരളത്തിലെ ഗവൺമെൻറ് ഈ ടെനൻസിയിൽ നിന്നും പ്രതിഫലം പറ്റുന്ന വ്യവസ്ഥ ആറാം വകുപ്പിൽനിന്നും എടുത്തുകളയണം, മാറ്റം വരുത്തണം, അല്ലെങ്കിൽ നാണക്കേടാണ്. കോമ്പൻസേഷൻ സംബന്ധിച്ച് എന്തിനാണ് പ്രതിഫലം. അവർ അവിടെ കൃഷി ചെയ്തത് രാജാവിന് കൊടുത്തതല്ലേ. കൊച്ചി രാജാക്കൻമാർക്കെല്ലാം വീതം കൊടുത്തിട്ടുള്ളതാണ്. ഇവരിൽനിന്ന് നമ്മുടെ ഗവൺമെൻറ് അക്കാര്യത്തിൽ ബേസിക് ടാക്സ് പിരിച്ചാൽ മനസ്സിലാക്കാം. അവർ അങ്ങനെ തരുന്നുണ്ട്. സർക്കാർ പുതിയ നികുതികളും മാത്രം പിരിയ്ക്കുകയും പ്രതിഫലം അവരിൽനിന്ന് ഈടാക്കുകയും ചെയ്യുന്ന വ്യവസ്ഥ പുനഃപരിശോധിക്കണമെന്ന് മന്ത്രിയോട് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു.

റവന്യൂവും മത്സ്യബന്ധനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, ഇതിനകത്ത് പ്രതിഫലത്തിനു വ്യവസ്ഥ ഉണ്ടെന്നുള്ളത് ശരിയാണ്, ലാൻഡ് റിഫോംസ് ആക്ടിലെ വ്യവസ്ഥകളാണ് ഇതിനകത്ത് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇതിനകത്ത് ഇൻറർമീഡിയറീസും ഉണ്ട്. ഇൻറർമീഡിയറീസ് കൊടുക്കേണ്ടിവരും; ഗവൺമെൻറിനു മാത്രമല്ല. എന്നു മാത്രമല്ല ബഹുമാനപ്പെട്ട രാധാകൃഷ്ണൻ പറഞ്ഞ കാര്യങ്ങളും സബ്ജക്ട് കമ്മിറ്റിക്ക് പരിശോധിക്കാവുന്നതാണ്. പക്ഷേ ഗവൺമെൻറ് ലാൻഡ് ആയതുകൊണ്ട് പ്രതിഫലം വേണ്ടെന്നുള്ള തത്വമൊന്നുമില്ല. ഇപ്പോഴുംതന്നെ ഗവൺമെൻറ് ലാൻഡ് മാർക്കറ്റ് വിലവാങ്ങിച്ചുകൊണ്ട് കൊടുക്കുന്നുണ്ട്. ഗവൺമെൻറിൻെറ ഭൂമി ആയിപ്പോയതുകൊണ്ട് കാശൊന്നും വാങ്ങിയ്ക്കാൻ വയ്യ എന്ന തത്വത്തോട് ഞാൻ യോജിക്കുന്നില്ല. അതുപോലെ തന്നെ കൊടുക്കുന്നതിൽതന്നെ അർഹരായിട്ടുള്ള ആളുകളുണ്ട്, അനർഹരായിട്ടുള്ള ആളുകളുണ്ട്. അതുകൊണ്ട് ഒരു തത്വം എന്നുള്ള നിലയിൽ പ്രതിഫലം മേടിയ്ക്കാൻ പാടില്ലെന്നുള്ള തത്വത്തോട് യോജിക്കാൻ നിവൃത്തിയില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എന്തെങ്കിലും കാര്യങ്ങളും ആലോചിക്കേണ്ടതുണ്ടെങ്കിൽ അത് സബ്ജക്ട് കമ്മിറ്റിക്ക് ആലോചിക്കാവുന്നതാണ്. അത് മാത്രമാണ് ഇതിനെക്കുറിച്ച് ഈ അവസരത്തിൽ പറയാനുള്ളത്.

The question that the Oodupally Lands Enfranchisement Bill, 1981 be referred to Subject Committee II was put and carried.

The Bill was referred to Subject Committee–II.

LIBRARY ARCHIVES Kerala Legislative Assembly